"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - പാലക്കാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കൽപ്പാത്തി ദേശീയ സംഗീതോത്സവം സംഘടിപ്പിക്കുന്നതിന് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് ഒന്നാം ഗഡു അനുവദിച്ച് ഉത്തരവാകുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.154/2026/CLAD തീയതി, തിരുവനന്തപുരം, 21-02-2026

---

പരാമർശം:-
1. 04.01.2021 തീയതിയിലെ 1/2021/ധന നമ്പർ സർക്കുലർ.
2. പാലക്കാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറിയുടെ 17.12.2025 ലെ ഡിടിപിസി/പികെഡി/2025 നമ്പർ കത്ത്
3. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 26.12.2025 തീയതിയിലെ എ2-1039/25/സാം.വ. നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ചരിത്ര പ്രസിദ്ധമായ കൽപ്പാത്തി രഥോത്സവത്തോടനുബന്ധിച്ച് കൽപ്പാത്തി ദേശീയ സംഗീതോത്സവം സംഘടിപ്പിക്കുന്നതിന് 2025-26 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും ആദ്യ ഗഡു അനുവദിക്കുന്നതിനായുള്ള പാലക്കാട് ജില്ലാ പ്രമോഷൻ കൗൺസിൽ സെക്രട്ടറിയുടെ പരാമർശം (2) അപേക്ഷ പരാമർശം (3) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കൽപ്പാത്തി രഥോത്സവത്തോടനുബന്ധിച്ച് കൽപ്പാത്തി ദേശീയ സംഗീതോത്സവം സംഘടിപ്പിക്കുന്നതിന് 2025-26 സാമ്പത്തിക വർഷം "2205-00-102-77-01-(നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയ തുകയിൽ നിന്നും ആദ്യ ഗഡുവായി 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) അനുവദിച്ചുത്തരവാകുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധന പ്രകാരം പാലക്കാട് ജില്ലാ പ്രമോഷൻ കൗൺസിലിന്റെ പാലക്കാട് ജില്ലാ ട്രഷറിയിലുള്ള 799011400007985 എന്ന STSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന്

മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.

**4.** കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം, പ്രതീക്ഷിത ചെലവ് വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, പാലക്കാട് ജില്ലാ പ്രമോഷൻ കൗൺസിൽ, വെസ്റ്റ് ഫോർട്ട് റോഡ്, പാലക്കാട്-1
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (3404259/EDN-D1/15/2026-FIN Dated 03.02.2026)
കരുതൽ ഫയൽ (A2/222/2025-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 21-02-2026 15:00:30